# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 88 13.06.2012 ൽ മറുപടിക്ക്

## പുകയില ഉൽപ്പന്നങ്ങളുടെ നിരോധനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ:<br>,, പി. കെ. ബഷീർ:<br>,, സി. മോയിൻകുട്ടി: | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ചെറുപ്പക്കാർക്കിടയിലെ കാൻസർ ബാധയുള്ള പ്രധാന കാരണം പുകയിലവസ്തുക്കളുടെ ഉപയോഗ മാണെന്ന പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പുകയില വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; | (ബി) | സംസ്ഥാനത്ത് പാൻമസാല നിരോധനം നടപ്പിൽ വന്നിട്ടുണ്ട്. സംസ്ഥാന ഫുഡ് സേഫ്റ്റി കമ്മീഷണറുടെ ഉത്തരവ് നം.എ/1327/2012/സി.എഫ്.എസ് തീയതി 22.05.2012 പ്രകാരം പുകയില, നിക്കോട്ടിൻ എന്നിവ അടങ്ങിയിട്ടുള്ള പാൻമസാലകൾ, ഗുഡ്ക എന്നിവയുടെ ഉല്പാദനം, ശേഖരണം, വിതരണം എന്നിവ നിരോധിച്ചിട്ടുണ്ട്.<br>സ്കൂൾ വിദ്യാർത്ഥികളെ പുകയില ഉല്പന്നങ്ങൾ ഉപയോഗിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുവാനായി സ്കൂളുകളിൽ 400 മീറ്റർ ചുറ്റളവിൽ പുകയില ഉല്പന്നങ്ങൾ വിൽക്കുന്നത് നിരോധിച്ചിട്ടുണ്ട്. ഇത് കർശനമായി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിനായി സ്കൂൾ കമ്മിറ്റികൾ രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാതലത്തിലും സംസ്ഥാന തലത്തിലുമുള്ള മോണിറ്ററിംഗ് കമ്മിറ്റികൾ സ്കൂൾ കമ്മിറ്റികളുടെ പ്രവർത്തനം ശരിയായി നടക്കുന്നുണ്ടോ എന്ന് വിലയിരുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾ പരിസരങ്ങളിൽ പുകയില ഉല്പന്നങ്ങൾ നിരോധിച്ചുകൊണ്ടുള്ള ബോർഡ് സ്ഥാപിക്കണമെന്ന് നിയമം അനുശാസിക്കുന്നു. 18 വയസ്സിന് താഴെയുള്ള കുട്ടികൾ പുകയില ഉല്പന്നങ്ങൾ വിൽക്കുന്നത് നിയമവിരുദ്ധമാണ് എന്ന് കാണിച്ചിട്ടുള്ള ബോർഡ് കടകളിൽ പ്രദർശിപ്പിക്കണം എന്ന് നിയമം അനുശാസിക്കുന്നു. പുകയില ഉല്പന്നങ്ങളുടെ പരസ്യബോർഡുകളുടെ അംഗീകൃത വലിപ്പം (16" X45 ") വ്യതിചലിച്ച് സ്ഥാപിക്കുന്ന ബോർഡുകൾ നീക്കം ചെയ്യുവാനും നിർദ്ദേശിച്ചുകൊണ്ട് എല്ലാ മേയർമാർ, മുനിസിപ്പൽ ചെയർമാൻമാർ, കോർപ്പറേഷൻ സെക്രട്ടറിമാർ, മുനിസിപ്പാലിറ്റി സെക്രട്ടറിമാർ എന്നിവർക്ക് കത്തെഴുതാൻ തീരുമാനിച്ചിട്ടുണ്ട്. മലയാളം സിനിമകളിൽ പുകയില ഉല്പന്നങ്ങൾ ഉപയോഗിക്കുന്ന സീനുകൾ കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അവ നിയന്ത്രിക്കുന്നതിനായി മാക്ട സംഘടനയ്ക്കും, റീജിയണൽ സെൻസർ ബോർഡിനും കത്തെഴുതാൻ തീരുമാനിച്ചിട്ടുണ്ട്. സ്കൂൾ |

| | | | |
|---|---|---|---|
| | | | കുട്ടികൾക്കും, പൊതുജനങ്ങൾക്കും പുകവലിയുടെ ദൂഷ്യവശങ്ങൾ മനസ്സിലാക്കി കൊടുക്കുന്നതിനുള്ള ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ, റാലി എന്നിവ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | പുകവലി നിയന്ത്രണ നടപടികളിൽ അലംഭാവം വന്നതിനാൽ പൊതു സ്ഥലങ്ങളിലെ പുകവലി സജീവമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | പാൻപരാഗ്, ഗുഡ്ക്ക തുടങ്ങിയ പുകയില ഉല്പന്നങ്ങൾ സംസ്ഥാന ത്തിനകത്ത് ഉല്പാദിപ്പിക്കുന്നതും, വില്പന നടത്തുന്നതു നിരോധിക്കാനും നിരോധനം കർശനമായി നടപ്പാ ക്കാനും നിർദ്ദേശം നൽകുമോ? | (ഡി) | സംസ്ഥാനത്ത് പാൻമസാല നിരോധനം നടത്തിപ്പിൽ വന്നിട്ടുണ്ട്. സംസ്ഥാന ഫുഡ് സേഫ്റ്റി കമ്മീഷണറുടെ ഉത്തരവ് നം.എ/1327/2012/സി.എഫ്.എസ് തീയതി 22.05.2012 പ്രകാരം പുകയില, നിക്കോട്ടിൻ എന്നിവ അടങ്ങിയിട്ടുള്ള പാൻമസാലകൾ, ഗുഡ്ക എന്നിവയുടെ ഉല്പാദനം , ശേഖരണം, വിതരണം , വില്പന എന്നിവ നിരോധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ